(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.ഐ.ഡി.കെ.8/1550/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ, തിയതി:08.10.2016
Ph:04862-227332
e-mail:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ്,
പീരുമേട് ഗ്രാമ പഞ്ചായത്ത്.
(സെക്രട്ടറി മുഖേന)

സർ,

വിഷയം:-പീരുമേട് ഗ്രാമ പഞ്ചായത്ത്-2015-16-സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം, വകുപ്പ്, 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായിട്ടുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.(കേരളാ പഞ്ചായത്ത് രാജ്-പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേയ്ക്ക് അയച്ചുതരേണ്ട തുമാണ്. (ലോക്കൽഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ (15)1, ചട്ടം 20,23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക) .

വിശ്വസ്തതയോടെ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ്,</u>
1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്(ഉപരി പത്രം സഹിതം)
2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി ,തൊടുപുഴ.
3.കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.ഐ.ഡി.കെ.8/1550/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ, തിയതി:08.10.2016
Ph:04862-227332
e-mail:doidk.ksad@kerala.gov.in

# ഇടുക്കി ജില്ലയിലെ പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യ പത്രികയിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994-ലെ കേരളാ പഞ്ചായത്ത് നിയമം വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13,1996 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

ഇടുക്കി ജില്ലയിലെ പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.5.2016 മുതൽ 17.9.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൌണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുത്തിയിട്ടുണ്ട്. 8 അന്വേഷണകുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യതൊരു ഉത്തരവാദിത്തവുമില്ല.

(എ). ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എസ്. മുരളീദാസ് | ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.9.2016മുതൽ 24.9.2016 വരെ | |
| ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.കെ.വിനോദ് | ഓഡിറ്റ്ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.ടി.എസ്.ധനജയൻ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.വി.ജി.സജിമോൻ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മജൊ.കെ.ജോർജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.കെ.ബി.ബാബുരാജ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ.

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ.പി.വി.ജോസഫ് | 1.4.2015 മുതൽ 31.10.15 വരെ |
| | സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഭരണ നിർവ്വഹണ സമിതി. | 1.11.2015 മുതൽ 18.11.15 വരെ |
| | ശ്രീമതി.സുലേഖ .ടി.എസ് | 19.11.2015 മുതൽ 31.3.2016 |

| | | |
|---|---|---|
| | | വരെ |
| സെക്രട്ടറി | ശ്രീ.ജോജോസ് ബൈജു | 1.4.2015 മുതൽ20.7.2015വരെ |
| | ശ്രീ. ടിജി തോമസ് | 21.7.15 മുതൽ 31.3.2016 വരെ |
| അസി.സെക്രട്ടറി | ശ്രീമതി.സൈനബ ബീവി | 1.4.2015 മുതൽ 19.8.2015 വരെ |
| | ശ്രീമതി.രജനിമോൾ ടി.ഡി | 20.8.2015 മുതൽ 26.5.2015 വരെ |
| | ശ്രീ.കെ.പി.അജു | 26.8.2015മുതൽ 31.3.2016വരെ |
| അസി. എഞ്ചിനിയർ | ശ്രീ.കെ.കെ.അയ്യപ്പൻ | 1.4.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.സതി.പി.കെ | 1.4.2015 മുതൽ31.5.2015 വരെ |
| | ശ്രീമതി.സി.വി.കൊച്ചുറാണി | 1.6.2015 മുതൽ 13.8.2015വരെ |
| | ശ്രീമതി.തേലമ്മ മാത്യു | 14.8.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | കെ.ഇ.സെബാസ്റ്റ്യൻ | 1.4.2015മുതൽ31.3.2016വരെ |
| വെറ്ററിനറി സർജൻ | ഡോ,സാംമണി | 1.4.2015മുതൽ31.3.2016വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ശ്രീജിത് | 1.4.2015മുതൽ31.3.2016വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഉമനാഥ് പൈ. | 1.4.2015മുതൽ31.3.2016വരെ |
| എച്ച്.എം,കരടിക്കുഴി. എൽ.പി.സ്കൂൾ | ശ്രീമതി.മേരി ജോസഫ് | 1.4.2015 മുതൽ 31.3.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ.സി.ഷെല്ലി | 1.4.2015 മുതൽ31.3.2016 വരെ |
| വി.ഇ.ഒ. | ശ്രീ.ജയസൂര്യൻ.എം. | 1.4.2015 മുതൽ31.3.2016 വരെ |

<u>ഉള്ളടക്കം.</u>


| ക്രമ നം | ഖണ്ഡിക നം. | ഖണ്ഡിക | പേജ് നമ്പർ |
|---|---|---|---|
| 1 | 1-1 | ബജറ്റ്. | |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക. | |
| 3 | 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | |
| 4 | 1-4 | സാമ്പത്തിക വിശകലനം. | |
| 5 | 1-5 | ഫണ്ട് വിനിയോഗം. | |
| 6 | 1-6 | പദ്ധതി അവലോകനം. | |

| | | | |
|---|---|---|---|
| 7 | 1-7 | തനത് വരുമാനം. | |
| 8 | 1-8 | ക്ഷേമ പദ്ധതികൾ. | |
| 9 | 1-9 | കാഷ് വെരിഫിക്കേഷൻ. | |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം. | |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. | |
| 12 | 1-12 | വാർഷിക കണക്ക് അപാകതകൾ | |
| ഭാഗം-2. വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ. | | | |
| 13 | 2-1 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്-കടമുറികളുടെ വാടക ഈടാക്കാത്തത്-സംബന്ധിച്ച് | |
| 14 | 2-2 | തൊഴിൽനികുതി ഈടാക്കാത്തത് - സംബന്ധിച്ച് | |
| 15 | 2-3 | ഡി&ഒ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്-സംബന്ധിച്ച് | |
| 16 | 2-4 | പരസ്യനികുതി ഈടാക്കുന്നില്ല | |
| ഭാഗം-3 .ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 17 | 3-1 | സുഗന്ധഗിരി വായനശാല നിർമ്മാണം.-ജി.ഐ.ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗ് - അധിക നിരക്ക് അനുവദിച്ചിരിക്കുന്നു. | |
| 18 | 3-2 | വാഹന വാടക-പരിധിയിലധികം തുക ചെലവഴിച്ചു | |
| 19 | 3-3 | ശബരിമല മകരവിളക്ക് തീർത്ഥാടനം അനുബന്ധ സൗകര്യമൊരുക്കൽ- എസ്റ്റിമേറ്റ്, മൂല്യനിർണ്ണയം എന്നിവ ഇല്ലാതെ തുക ചെല വഴിച്ചത്– ചെലവ് തടസ്സം ₹.2,36,000/- | |
| 20 | 3-4 | ഐ.എ.വൈ അധിക ധനസഹായ വിഹിതം നൽകൽ –വിനിയോഗവിവരങ്ങളില്ല. | |
| 21 | 3-5 | പശ്ചിമഘട്ട വികസന പദ്ധതി നടപ്പാക്കിയില്ല–വൻതുക നിഷ്ക്രീയമായി അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. | |
| 22 | 3-6 | തുകകൾ കൈമാറി നാളുകൾ കഴിഞ്ഞിട്ടും വിതരണ ഏജൻസികൾ സേവനം പ്രദാനം ചെയ്തിട്ടില്ല | |
| 23 | 3-7 | ഇ.എം.എസ് ഭവനപദ്ധതി ഗുണഭോക്താക്കളുടെ മുടങ്ങിപ്പോയ | |

| | | | |
|---|---|---|---|
| | | ഗൃഹനിർമാണം പൂർത്തീകരിക്കാൻ മാർഗങ്ങളില്ല | |
| 24 | 3-8 | ജവഹർ ഭവന പദ്ധതി | |
| 25 | 3-9 | പ്രത്യേക ലക്ഷ്യം മുൻനിർത്തി അനുവദിച്ച തുകകൾ വർഷങ്ങളായി വിനിയോഗിക്കാതെ നിലനിർത്തിയിരിക്കുന്നു | |
| പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 26 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം. | |
| 27 | 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ. | |
| 28 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | |
| 29 | 4-4 | വായ്പ / വായ്പാ തിരിച്ചടവ്. | |
| 30 | 4-5 | സ്ഥിര നിക്ഷേപങ്ങൾ. | |
| 31 | 4-6 | ഓഡിറ്റ് റിക്കവറി. | |
| 32 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | |
| 33 | 4-8 | ഓഡിറ്റ് പ്രത്യവലോകനം. | |
| 34 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | |
| അനുബന്ധം | | | |
| 35 | അനുബന്ധം1 | ഓഡിറ്റ് സർട്ടിഫിക്കറ്റ്. | |

# ഭാഗം 1
## പൊതു അവലോകനം

## 1-1 ബജറ്റ്.

2015-16 വർഷത്തെ ബജറ്റ്. 2015 തിയതിയിലെ ഒന്നാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും, വാർഷിക ധനകാര്യ പത്രിക ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിരിക്കുന്നതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക.

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച് ലഭിച്ച തിയതി |
|---|---|---|---|
| 31.7.2016 | 1.6.2016 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി. | സർഫിക്കറ്റ് നമ്പർ /തിയതി |
|---|---|---|
| അനുബന്ധം 1ൽ ചേർത്തിട്ടുണ്ട്. | | |

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 4,20,19,230 |
| വരവ് | 7,45,35,933 |
| ആകെ | 11,65,55,163 |
| ചെലവ് | 9,89,58,028 |
| നീക്കിയിരിപ്പ് | 1,75,97,135 |

## 1-5 ഫണ്ട് വിനിയോഗം

ഗ്രാമ പഞ്ചായത്തിന് അനുവദിച്ച ബജറ്റ് വിഹിതം, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ട്രഷറി പത്രിക, വാർഷിക കണക്കുകൾ എന്നിവ പരിശോധിച്ച പ്രകാരം ഗ്രാമ പഞ്ചായത്തിന് 2015-16ൽ ലഭ്യമായ വിവിധ ഫണ്ടുകൾ, അവയുടെ ചെലവ് വിവരങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 34,26,504 | 2,61,47,371 | 2,95,73,875 | 1,49,52,756 | 50.56 % |
| വികസനഫണ്ട് എസ്.സി.പി. | 81,17,199 | 1,91,33,000 | 2,72,50,199 | 1,64,31,415 | 60.29% |
| വികസനഫണ്ട് ടി.എസ്.പി. | 4,71,500 | 7,69,000 | 12,40,500 | 5,41,272 | 43.63% |
| സംരക്ഷണഗ്രാന്റ് റോഡ് | 32,88,960 | 1,00,45,000 | 1,33,33,960 | 88,69,536 | 66.52% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 39,68,173 | 34,98,000 | 74,66,173 | 74,65,872 | 99.99% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 37,75,187 | 63,18,729 | 1,00,93,916 | 78,08,674 | 77.36% |
| പെർഫോമൻസ് ഗ്രാന്റ് | 59,89,470 | 0 | 59,89,470 | 53,10,294 | 88.66% |
| എം.എൻ.ആർ.ഇ.ജി.എസ്. | 47,819 | 5,58,174 | 6,05,993 | 5,90,469 | 97.4% |
| ബി ഫണ്ട് | 0 | 1,52,79,811 | 1,52,79,811 | 1,52,79,811 | 100.00 |

14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ആദ്യ വിഹിതം മുൻവർഷങ്ങളിലേതുപോലെ രസീത് ചെയ്താണ് എടുത്തത്. മേൽ അലോട്ട്മെന്റ് ഉൾപ്പടെ 30.10.2015-ലെ നീക്കിയിരിപ്പ് വികസന ഫണ്ട്-പൊതു വിഭാഗത്തിലേക്ക് മാറ്റുകയും പിന്നീട് നീക്കിയിരിപ്പ് തുക അലോട്ട്മെന്റായി ലഭിച്ച ശേഷം റിവേഴ്സ് എൻട്രി നടത്തി കറക്ട് ചെയ്തിട്ടുള്ളതിനാൽ വാർഷിക കണക്കുകളിലെ റസിപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഒന്നാം വിഹിതം ഇരട്ടിച്ച് വന്നിട്ടുണ്ട്.

30.10.2015 ന് ഓരോ അക്കൗണ്ടിലും ഉണ്ടായിരുന്ന നീക്കിയിരുപ്പ് തുക വികസനഫണ്ട്– പൊതുവിഭാഗത്തിലേക്ക് വകയിരുത്തി. മേൽ അക്കൗണ്ടിലെ നീക്കിയിരുപ്പ് തുക തീരുന്നതുവരെ വികസന ഫണ്ട് പൊതുവിഭാഗത്തിന്റെ ചെലവ്

ചെയ്യുകയും ചെയ്തു. 31.3.2016ൽ അവശേഷിച്ച തുക സർക്കാരിലേക്ക് തിരികെ പിടിച്ചു.

വികസനഫണ്ട്-പൊതുവിഭാഗത്തിന്റെ ബജറ്റ് വിഹിതം 1,55,23,000 ആയിരുന്നുവെങ്കിലും 2014-15 ൽ പതിമൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ അധികം ലഭിച്ച വിഹിതം കുറവ് ചെയ്ത തുകയാണ് മൂന്നാം ഗഡുവായി 2015-16ൽ ലഭിച്ചത്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരംചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗീകമായി നടപ്പാക്കിയവ (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 310 | 161778466 | 191 | 74656959 | 7 | 112 | 61 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 6231001 | 7779595 | 1548594 | 25 |
| നികുതിയേതര വരവുകൾ | 1179417 | 1051898 | -127519 | -11 |
| *മറ്റുവരവുകൾ | 90875 | 112538 | 21663 | 24 |
| അകെ | 7501293 | 8944031 | 1442738 | -19 |

*മറ്റ് വരവുകൾ 2014-15 ലേത് 2,09,25,941/- എന്നത് 90,875/- ആയി മാറ്റം വരുത്തിയിരിക്കുന്നു.

## 1-8 ക്ഷേമ പദ്ധതികൾ.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 78600 | 47 |
| കർഷകതൊഴിലാളി പെൻഷൻ | 1096200 | 193 |
| വിധവ പെൻഷൻ | 5463200 | 803 |
| വാർദ്ധക്യകാല പെൻഷൻ | 7074000 | 1584 |
| വികലാംഗ പെൻഷൻ | 1436700 | 192 |
| അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 20800 | 4 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം. | 60000 | 3 |

## 1-9 കാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 20.9.2016-ൽ സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹.7,990/-യുടെ നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. നികുതി പിരിവ്, രജിസ്റ്ററുകളുടെ പരിപാലനം, പദ്ധതി നടത്തിപ്പ് എന്നിവയിൽ വീഴ്ചകളുണ്ടായിട്ടുണ്ട്. വസ്തുനികുതിയിനത്തിൽ ലക്ഷത്തിലധികം രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി ബാലൻസ് ഷീറ്റിൽ കാണുന്നു. ആസ്തി രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, വസ്തുനികുതി രജിസ്റ്റർ, കംപ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ എന്നിവ യഥാവിധി പരിപാലിച്ചിട്ടില്ല. സ്ഥാപനത്തിൽ സ്ഥിര ഉപയോഗത്തിന് സൂക്ഷിച്ചിട്ടുള്ള ഫർണിച്ചർ അടക്കമുള്ള വസ്തുക്കളുടെ വിവരം രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഇല്ലാത്തതിനാൽ തന്നെ സെക്രട്ടറിമാരുടെ സ്ഥലംമാറ്റ സമയത്ത് സ്റ്റോക്ക് കൈമാറൽ നടത്തിവരുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയതിന്റെ വിവരം | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 8/2016 | 6.9.2016 മുതൽ 8.9.2016 വരെ | ലഭിച്ചില്ല |
| അക്കൌണ്ടന്റ് ജനറൽ | 2010-11 മുതൽ 2014-15 വരെ | 17.2.2016 മുതൽ 1.3.2016വരെ | 25.4.2016 |

## 1-12 വാർഷിക കണക്ക് അപാകത.

സ്ഥാപനത്തിന്റെ വാർഷിക കണക്കിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു :-

- വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടില്ലാത്തതിനാലും, വസ്തുനികുതി കംപ്യൂട്ടറൈസേഷനുള്ള സഞ്ചയ സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തന സജ്ജമല്ലാത്തതിനാലും വാർഷിക കണക്കിലെ വസ്തുനികുതി തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് കഴിഞ്ഞിട്ടില്ല.
- നാളിതുവരെ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ മൂല്യം കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
- വരവ് ചെലവുകൾ അതത് ശീർഷകങ്ങളിൽ രേഖപ്പെടുത്തുന്നില്ല,

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്-കടമുറികളുടെ വാടക ഈടാക്കിയിട്ടില്ല

വാടക രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ/ സ്റ്റാളുകൾ ലേലം കൊണ്ട താഴെപ്പറയുന്ന വ്യക്തികളിൽ നിന്നും വാടക ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| സ്റ്റാൾ/മുറി നം | വാടകക്കാരന്റെ പേര് | മാസ വാടക₹ | കുടിശിക കാലയളവ് | കുടിശിക ₹ | റിമാർക്സ് |
|---|---|---|---|---|---|
| 4 | പി.രാജൻ,പ്രസിഡണ്ട് കോൺഗ്രസ്സ് കമ്മിറ്റി | 600 | 4/15-3/16 | 7200 | കരാറില്ല |
| 9 | സുരേഷ്, ചൂളപ്പടിക്കൽ | 1450 | 4/15-3/16 | 17400 | കരാറില്ല |
| 10 | കെ.പി.ബേബി, കുഴിക്കാട്ടിൽ | 1099 | 4/15-3/16 | 13188 | കരാറില്ല |
| 13 | എസ്.അശോക്, വിജയലക്ഷ്മി ഭവൻ | 585 | 4/15-3/16 | 7020 | കരാറില്ല |

| | | | | | |
|---|---|---|---|---|---|
| 19 | നവാസ്,<br>സോഫിയ മൻസിൽ | 550 | 3/16 | 550 | കരാറില്ല |
| 20 | വെള്ളാദുരൈ,<br>ശ്രീവിനായക ഭവൻ | 696 | 4/15-3/16 | 8352 | കരാറില്ല |
| 21 | ആർ.രംഗരാജ,<br>ലാന്ധം എസ്റ്റേറ്റ് | 770 | 4/15-3/16 | 9240 | കരാറില്ല |
| | ആകെ | | | 62950 | |

കൂടാതെ 22, 1A, 3A എന്നീ നം.സ്റ്റാളുകളും പട്ടുമലയിലെ റോഡിന് പടിഞ്ഞാറ് വശത്തുള്ള 1, 2, 3 നം.കടമുറികളും ലേലം ചെയ്ത് നൽകിയിട്ടില്ല. പട്ടുമലയിലെ എസ്.സി വനിതാ വിപണന കേന്ദ്രത്തിലെ 1, 2, 3 നം.കടമുറികളുടെ ലേലനടപടികളുമായി മുൻപോട്ട് പോകാമെന്നും എന്നാൽ മൂന്നാഴ്ച്ച കാലത്തേക്ക് ആയത് ഉറപ്പിക്കരുതെന്നും ബഹു.ഹൈക്കോടതിയുടെ 16/09/2015 ലെ വിധി ന്യായത്തിൽ പറയുന്നുണ്ടെങ്കിലും ഇതേവരെ ഇക്കാര്യത്തിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. കൂടാതെ സ്റ്റാൾ നം.2 ന്റെ ലേലം സംബന്ധിച്ച് ബഹു.ഹൈക്കോടതിയിൽ 2012 മുതൽ നിലവിലുള്ള WP(C) 26315/12 നം.കേസ് തീർപ്പാക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

2014-15 വർഷത്തിലും വാടക കടിശികയുണ്ടായിരുന്ന വ്യക്തികൾക്ക് തന്നെ 2015-16 ലും കരാറിൽ ഏർപ്പെടാതെ തന്നെ 4, 10, 20 എന്നീ സ്റ്റാളുകൾ വാടകയ്ക്ക് നൽകിയിട്ടുള്ളത് ഗുരുതരമായ പിഴവാണ്. വാടക ഇനത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം വ്യവസ്ഥാപിതമായ രീതിയിൽ വാടകക്കാരുമായി കരാർ ചമയ്ക്കാതെ കടമുറികൾ വാടകക്ക് നൽകുകയും വാടകക്കാരിൽ നിന്നും തുക ഈടാക്കുന്നതിൽ പിഴവ് വരുത്തുകയും ചെയ്ത ഉത്തരവാദികളായ സെക്രട്ടറി, സെക്ഷൻ ക്ലാർക്ക് എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 2-2 തൊഴിൽനികുതി ഈടാക്കാത്തത് - സംബന്ധിച്ച്

2015-16 വർഷത്തെ തൊഴിൽനികുതി (ജീവനക്കാരുടെ) രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ. നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | കോളേജ് ഓഫ് അപ്ലൈഡ് സയൻസ് | 2 |
| 2 | POABS എന്റർപ്രൈസസ്, പാമ്പനാർ | 2 |
| 3 | കേരള വാട്ടർ അതോറിറ്റി, PH സെക്ഷൻ , പീരുമേട് | 2 |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ, തൊഴിൽനികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ എല്ലാ ട്രേഡേഴ്സ്, സ്ഥാപനങ്ങൾ, പ്രൊഫഷണൽസ് എന്നിവരിൽ നിന്നും നികുതി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-3 ഡി&ഒ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്- സംബന്ധിച്ച്

ഗ്രാമ പഞ്ചായത്തിലെ കുട്ടിക്കാനത്ത് പ്രവർത്തിക്കുന്ന ഭാരത് പെട്രോളിയത്തിന്റെ ഇ.കെ.നാരായണപിള്ള & സൺസ്, പാമ്പനാറിലെ ഹിന്ദുസ്ഥാൻ പെട്രോളിയത്തിന്റെ സ്റ്റാൻഡേർഡ് മോട്ടോർ ഫ്യുവൽ ഏജൻസി എന്നീ 2 പെട്രോൾ പമ്പുകളും ലൈസൻസില്ലാതെയാണ് 2015-16 വർഷത്തിൽ പ്രവർത്തിച്ചിട്ടുള്ളത് എന്ന് ഡി&ഒ ലൈസൻസ് അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക 1 ക്രമ നം.149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളും ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളാണെങ്കിലും ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 15 റേഷൻ കടകൾക്കും ലൈസൻസ് എടുത്തിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിച്ചിട്ടില്ലാത്തതിനാൽ ലൈസൻസില്ലാതെ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്ന് നിർണ്ണയിക്കുവാൻ സാധിച്ചിട്ടില്ല. വാർഡ് തലത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിക്കുകയും അതനുസരിച്ച് ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ഡി&ഒ ലൈസൻസോടെയാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

## 2-4 പരസ്യനികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന് വരുമാനവർദ്ധനവിനായി 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 209-ാം വകുപ്പനുസരിച്ച് , പരസ്യനികുതി ഏർപ്പെടുത്താവുന്നതാണെങ്കിലും നികുതി ചുമത്തുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ജില്ലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ ഗ്രാമപഞ്ചായത്തിന്റെ മധ്യഭാഗത്തുകൂടി കടന്നുപോകുന്ന ദേശീയപാതയും സംസ്ഥാനഹൈവേയും ബൈപ്പാസുകളും പരസ്യനികുതിയുടെ പ്രധാന സ്രോതസുകളാണെങ്കിലും അവ ചൂഷണം ചെയ്ത് വരുമാനം വർദ്ധിപ്പിക്കാനുതകുംവിധം ബൈലോ പാസ്സാക്കി സർക്കാരിന്റെ (പഞ്ചായത്ത് ഡയറക്ടറുടെ) അംഗീകാരം വാങ്ങിയിട്ടില്ല. നൂതനമായ ഇത്തരം മാർഗങ്ങൾ വരുമാനം വർദ്ധിപ്പിക്കാൻ അവലംബമാക്കേണ്ടതാണ്. ഭരണ സമിതി, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സുഗന്ധഗിരി വായനശാല നിർമ്മാണം.-ജി.ഐ.ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗ് - അധിക നിരക്ക് അനുവദിച്ചിരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 374/15<br>294/16 |
| അടങ്കൽ | ₹269000/- |
| കൺവീനർ | ശ്രീ.കെ.ജെ.ജോസഫ്. |
| ബിൽ നം | 87/16 തീ.23.11.15 ₹202072/- |
| അളവ് ബുക്ക് നം | 297/15-16 |

1.Roofing with G.I. trafford profile sheet 0.35 mm thick powder coated with overlaps of 150mm at ends and G.I Hookor crank bolts and nuts including plain washers and bitumin washers etc complete. supplying and roofing with powder coated G.I roofing sheet including G.I nuts and bolts etc .

എന്ന ഇനത്തിന് തദ്ദേശ സ്വയംഭരണ വകുപ്പ് ഇടുക്കി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ ഒബ്സേർവ്ഡ് ഡേറ്റാ പ്രകാരം ഗുണഭോക്തസമിതിമുഖേന നടപ്പാക്കുന്ന പ്രവൃത്തിക്ക് അനുവദിക്കാവുന്ന നിരക്ക് ₹465.80/m2 ആണ്.

| | | | | | |
|---|---|---|---|---|---|
| 132 | Roofing with G.I trafford profile sheet 0.35 mm thick , powder coated with overlaps of 150mm at ends and SS screws including plain washers and bitumen washers etc. complete | | | | |
| | Modified 12.1.3 A | Data for 10 M2 | | | |
| MR | G.I tarfford profile sheet 0.35 mm thick | 1M2 | 11.50 | 269.10 | 3094.65 |
| 8210 | Stainless steel screws 50 mm | 100 Nos | 12 | 260.00 | 31.20 |
| 1208 | Bitumen washer | 100 Nos | 24 | 30.00 | 7.20 |
| | LABOUR: | | | | |
| 112 | Carpenter 2nd class | Day | 1.35 | 399.00 | 538.65 |
| 114 | Beldar | Day | 1.35 | 329.00 | 444.15 |
| | | | | Total | 4115.85 |
| | | | | Market rate = | 3094.65 |
| | | | Add water charges 1% | | 30.95 |
| | | | Total | | 3125.60 |
| | | | | Total excluding Market rate= | 1021.20 |
| | | | Add water charges 1% | | 10.21 |
| | | | Total | | 1031.41 |
| | For 10 Sq.M with Cost Index (A+1.4857B) | | | | 4657.97 |
| | Rate without CP | For 1 Sq.M with Cost Index | | | 465.80 |

2. Plain G.I ridge capping 225 mm flaps with 0.63mm thick/nearest availabe size crank bolts and nuts including plain washers and bitumin washers etc complete.എന്ന ഇനത്തിന് സി.പി.ഡബ്യൂ.ഡി. പുറപ്പെടുവിച്ചിരിക്കുന്ന Analysis of rates for Delhi(vol.I)കോഡ് നം.12.4.2 പ്രകാരമുള്ള നിരക്കാണ് അനുവദിക്കേണ്ടിയിരുന്നത്. ഇടുക്കി/മൂന്നാർ-ന്റെ തൻവർഷത്തെ കോസ്റ്റ് ഇൻഡക്സായ 48.57% ഉൾപ്പെടെ ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവർത്തിക്ക് ₹649.49/m അനുവദിക്കാവുന്ന നിരക്ക്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് കൂടിയ നിരക്കിൽ തുക നൽകിയതായി കാണുന്നു.

| ക്രമ നം | ഇനം നം., ഇനം, ചെയ്ത അളവ് | ഈ ഇനത്തിന് അനുവദിച്ച ആകെ തുക | ഈ ഇനത്തിന് അനുവദിക്കാവുന്ന ആകെ തുക | അധികം |
|---|---|---|---|---|
| 1 | 12,<br>Roofing with G.I. trafford profile sheet 0.35 mm thick powder coated withoverlaps of 150mm at ends and G.I Hookor crank bolts and nuts including plain washers and bitumin washers etc complete.supplying and roofing with powder coated G.I roofing sheet including G.I nuts and bolts etc .<br>38.75എം2 | 38.75എം$^2$ x<br>650.3/എം$^2$=<br>₹ 25199 | 38.75എം$^2$ X<br>465.80/എം$^2$=<br>₹18050/- | ₹7149 |
| 2 | 13.<br>Plain G.I ridge capping 225 mm flaps with 0.35mm thick/nearest availabe size crank bolts and nuts including plain washers and bitumin washers etc complete.<br>13.8m | 1818.90m.<br>13.8X818.90=11300 | 13.8mx649.49/m<br>=8963 | ₹2337/- |
| | | ആകെ<br>കൂട്ടുക-<br>വാറ്റ് 5%<br>നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം 1% | | 9486<br>474<br>95<br>10,055 |

പഞ്ചായത്ത് ഫണ്ടിനുണ്ടായ ₹10055/-യുടെ നഷ്ടം എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയർ, അംഗീകാരം നൽകിയ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 വാഹന വാടക-പരിധിയിലധികം തുക ചെലവഴിച്ചു

പീരുമേട് ഗ്രാമപഞ്ചായത്തിന്റെ ജീപ്പ് അപകടത്തിൽപ്പെട്ട് ഉപയോഗരഹിതമായതിനാൽ പഞ്ചായത്തിന്റ ആവശ്യത്തിനായി വാഹനം വാടകയ്ക്ക് എടുക്കുന്നതിന് തീരുമാനിക്കുകയും (20.2.2015 ലെ തീരുമാനം നം. 5) ക്വട്ടേഷൻ ക്ഷണിക്കുകയും ശ്രീമതി.പ്രീതി ബൈജു, പള്ളിപ്പറമ്പിൽ, പശുപാറ പി ഒ, എന്നയാളുടെ കെ.എൽ-37-2635 നമ്പർ വാഹനം ഡ്രൈവറുടെ കൂലി, ഇന്ധന ചാർജ്ജ് എന്നിവ കൂടാതെ പ്രതിമാസം 24,000 രൂപയ്ക്ക് വാടകക്ക് എടുക്കുന്നതിന് തീരുമാനിച്ചു. എന്നാൽ, ശ്രീമതി പ്രീതി ബൈജുവുമായി നിയമാനുസൃത കരാറിൽ ഏർപ്പെട്ടതിന്റെ വിവരം ഫയലിൽ ഇല്ല. പ്രസ്തുത വാഹനം 2015 മാർച്ച് മുതൽ മെയ് മാസം വരെ വാടകയ്ക്ക് ഓടിയയിനത്തിൽ 72,000/-രൂപ നൽകുകയും ചെയ്തു. കൂടാതെ, വൗച്ചർ നം.2150024 തിയതി 20.4.2015പ്രകാരം 16,113/- വൗച്ചർ നം.2150101 തിയതി 11.6.2015 പ്രകാരം ₹14,585/- വൗച്ചർ നം.2150189 തിയതി 19.8.2015 പ്രകാരം ₹14930/- വൗച്ചർ നം.2150464 തിയതി 29.9.2015 പ്രകാരം ₹2000/- ആകെ ₹47,628/- ഇന്ധന ചാർജ്ജും നൽകി. 2015 ജൂൺ മാസം മുതൽ വിവിധ അവസരങ്ങളിൽ വാഹനം വാടകക്ക് എടുത്തയിനത്തിൽ 2,57,547/-രൂപയും ചെവലഴിച്ചിട്ടുണ്ട്. 2015-16ൽ വാഹനം വാടകക്ക് എടുത്തതിലും ഇന്ധനം അടിച്ചതിലുമായി 3,77,175/- ചെലവഴിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 03.09.2012ലെ സ.ഉ(സാധാ)2493/2012 പ്രകാരം സ്വന്തമായി വാഹനം ഇല്ലാത്ത തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രതിവർഷം 75,000/- രൂപ

വാഹനങ്ങൾ വാടകക്ക് ചെലവഴിക്കുന്നതിന് അനുമതിയുള്ളൂ. അതിനാൽ 2015-16 ൽ അധികം ചെലവഴിച്ച ₹3,77,175/- ഓഡിറ്റിൽ തടസപ്പെടുത്തുന്നു. മേൽ ഉത്തരവിന് അനുസൃതമായി തുക ചെലവഴിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-3 ശബരിമല മകരവിളക്ക് തീർത്ഥാടനം അനുബന്ധ സൗകര്യമൊരുക്കൽ- എസ്റ്റിമേറ്റ്, മൂല്യനിർണ്ണയം എന്നിവ ഇല്ലാതെ തുക ചെലവഴിച്ചത് -ചെലവ് തടസ്സം ₹.2,36,000/-

| | | |
|---|---|---|
| പദ്ധതി | നം.334/16. ശബരിമല മകരവിളക്ക് തീർത്ഥാടനം അനുബന്ധ സൗകര്യമൊരുക്കൽ. | |
| ചെലവ് | ₹.2,36,000/-(സംസ്ഥാന സർക്കാർ ഫണ്ട്. | |
| വൌച്ചർ നം/തിയതി | 21501373 തി.30.3.2016 | ₹.1,91,000/- |
| | 21501375 തി.30.3.2016 | ₹. 45,000/- |
| | | ₹.2,36,000/- |

സെക്രട്ടറി നടപ്പാക്കിയ ശബരിമല തീർത്ഥാടകർക്ക് അനുബന്ധ സൗകര്യമൊരുക്കൽ എന്ന പദ്ധതി പ്രകാരം ദേശീയ പാതയുടെ ഇരുഭാഗവും കാട് വെട്ടിത്തെളിച്ചതിന് ₹.2,36,000/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ ടി പ്രവൃത്തിക്ക് എസ്റ്റിമേറ്റ് എടുക്കുകയോ , പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തുകയോ ചെയ്തിട്ടില്ല. ജെ.ഖാദർ എന്നയാൾക്ക് ഷോർട്ട് ടെണ്ടർ നോട്ടീസ് പ്രകാരം പ്രവൃത്തി നൽകിയെങ്കിലും ടിയാനുമായി കരാർ വച്ചില്ല. നിബന്ധനകൾ പാലിക്കാത്തതിനാൽ ₹.2,36,000/-ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ഐ.എ.വൈ അധിക ധനസഹായ വിഹിതം നൽകൽ -വിനിയോഗവിവരങ്ങളില്ല

പ്രസ്തുത ഭവനനിർമാണപദ്ധതിയ്ക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായി 4 പ്രോജക്ടുകൾ പ്രകാരം 47,20,000/-രൂപ വികസനഫണ്ടിൽനിന്ന് പിൻവലിച്ച് അഴുത ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ യഥാവിധിയുള്ള ചെലവ് സൂചിപ്പിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല. തുക കൈമാറിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നം., പേര് | നിർവഹണ ഉദ്യോഗസ്ഥൻ | കൈമാറിയ തുക | വൗച്ചർ/ഡിഡി.നം/തീയതി |
|---|---|---|---|---|
| 1 | എസ് 141/2016 ഐ.എ.വൈ അധിക ധനസഹായം (പൊതു വിഭാഗം) | വി.ഇ.ഒ | 5,40,000 | 974489/ തീ.14.1.2016 |
| 2 | എസ് 341/2016 ഐ.എ.വൈ അധിക ധനസഹായം (പൊതു വിഭാഗം) | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 23,00,000 | വൗച്ചർ നം. 21501407/31.3.2016 |
| 3 | എസ് 340/2016 ഐ.എ.വൈ അധിക ധനസഹായം (പട്ടികജാതി വിഭാഗം) | --ടി-- | 8,20,000 | വൗച്ചർ നം. 21501406/31.3.2016 |

| | | | | |
|---|---|---|---|---|
| 4 | എസ് 322/2016<br>ഐ.എ.വൈ അധിക ധനസഹായം<br>(പട്ടികജാതി വിഭാഗം) | അസി. സെക്രട്ടറി | 10,60,000 | വൗച്ചർ നം.<br>21501125/15.2.2016 |
| | ആകെ | | 47,20,000 | |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 പശ്ചിമഘട്ട വികസന പദ്ധതി നടപ്പാക്കിയില്ല -50.13 ലക്ഷം നിഷ്ക്രീയമായി അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

പശ്ചിമഘട്ട വികസന പദ്ധതയിൻകീഴിൽ പഞ്ചായത്തിലെ അഴുത വാട്ടർഷെഡ് പദ്ധതിയ്ക്കായി അനുവദിച്ച തുകയും പലിശയുമടക്കം ചുവടെ ചേർക്കുന്ന പ്രകാരം ₹.50,12,553/-കൃഷി ഓഫീസറുടെ പേരിൽ സൗത്ത് ഇൻഡ്യൻ ബാങ്കിലുള്ള വിവിധ അക്കൗണ്ടുകളിൽ നാളിതുവരെ നീക്കിയിരിപ്പുണ്ട്.

| പദ്ധതി വർഷം | നീക്കിയിരിപ്പ് തുക ₹. | അക്കൌണ്ട് നം | തുക ലഭിച്ച തിയതി |
|---|---|---|---|
| 2008-09 | 515454 | 014405300007378 | 1.3.2015 |
| 2009-10 | 1091704 | 014405300008686 | 1.3.2015 |
| 2010-11 | 1599609 | 014405300009575 | 1.3.2015 |
| 2011-12 | 1805786 | 014405300012175 | 20.6.2015 |
| ആകെ | 50,12,553 | | |

മേൽ പദ്ധതി നടപ്പാക്കുന്നതിന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾക്ക് പ്രയോജനം ലഭിക്കത്തക്ക രീതിയിൽ പദ്ധതി നടപ്പാക്കേണ്ടതാണ്.

## 3-6 തുകകൾ കൈമാറി നാളുകൾ കഴിഞ്ഞിട്ടും വിതരണ ഏജൻസികൾ സേവനം പ്രദാനം ചെയ്തിട്ടില്ല

ഗ്രാമപഞ്ചായത്ത് തൻവർഷം പദ്ധതിയിലുൾപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിനും ചലനോപകരണങ്ങൾ വാങ്ങുന്നതിനും സർക്കാർ ഏജൻസികൾക്ക് തുകകൾ കൈമാറിയെങ്കിലും അവ പ്രസ്തുത സാമഗ്രികൾ നാളിതുവരെ വിതരണം ചെയ്തിട്ടില്ല. സി.എച്ച്.സിയിലെ മെഡിക്കൽ ഓഫീസർ, ഹോമിയോ മെഡിക്കൽ ഓഫീസർ എന്നിവർ മുഖേന നടപ്പാക്കിയ ടി പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ, പ്രോജക്ട് നം, പേര് | നിർവഹണ ഏജൻസി | ഉദ്ദേശ്യം | കൈമാറിയ തുക | ഡിഡി.നം.തീയതി |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി<br>എസ് 011/16<br>പാലിയേറ്റീവ് കെയർ | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ<br>തിരുവനന്തപുരം | ചലനോപകരണങ്ങൾ വാങ്ങൽ | 22,277 | 377564/തി.<br>17.2.2016 |
| ഹോമിയോ മെഡിക്കൽ | ഹോംകോ | മരുന്നു വാങ്ങൽ | 100000 | 505704/തി. |

| | | | | |
|---|---|---|---|---|
| ഓഫീസർ<br>എസ് 010/16<br>ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ | ആലപ്പുഴ | | | 14.3.2016 |
| | | ആകെ | 122277 | |

ആവശ്യപ്പെട്ടിരുന്ന ഔഷധങ്ങളും സാധനങ്ങളും നാളിതുവരെ ലഭ്യമാകാത്ത സാഹചര്യത്തിൽ, കൈമാറിയ 122277/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 ഇ.എം.എസ് ഭവനപദ്ധതി ഗുണഭോക്താക്കളുടെ മുടങ്ങിപ്പോയ ഗൃഹനിർമ്മാണം പൂർത്തീകരിക്കാൻ മാർഗ്ഗങ്ങളില്ല

പ്രസ്തുത ഭവനനിർമാണപദ്ധതിയിൻകീഴിൽ ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട 34ഗുണഭോക്താക്കൾ (പൊതു വിഭാഗം 14 പേർ + പട്ടികജാതി വിഭാഗം 20 പേർ) ഇനിയും നിർമാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് സബ്സിഡിയുടെ അന്തിമഗഡുക്കൾ കൈപ്പറ്റാൻ ശേഷിക്കുന്നു. 2014-15-ൽ സ്പിൽ ഓവർ ആയി 25,00,000/-രൂപ "മറ്റിനം" എന്ന ശീർഷകത്തിൽ വകയിരുത്തി ഒരു പ്രോജക്ട് ആവിഷ്കരിച്ചെങ്കിലും നടപ്പായില്ല. 2010-11-ലും മറ്റും ആദ്യ ഗഡുക്കൾ കൈപ്പറ്റിയ വ്യക്തികൾക്ക് (ആകെ സബ്സിഡി 75000/-രൂപ) നിർമാണമേഖലയിലെ മാറ്റങ്ങളും കമ്പോളത്തിലെ വൻ വിലവർദ്ധനവും മൂലം നിലവിലെ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കില്ലായെന്നത് വസ്തുതയാണ്. ഇ.എം.എസ് ഭവനനിർമാണപദ്ധതിയുടെ കാലയളവ് 2014-15-ൽ അവസാനിക്കുകയും വായ്പ്പത്തുക പൂർണമായി അടച്ചുതീർക്കുകയും "ജവഹർഭവന പദ്ധതി" എന്ന പേരിൽ പുതിയ ഭവനനിർമാണപദ്ധതി ആരംഭിക്കുകയും ചെയ്തതിനാൽ 2016-17വാർഷികപദ്ധതിയിലുൾപ്പെടുത്തി പ്രസ്തുത വ്യക്തികൾക്ക് ധനസഹായമനുവദിക്കാൻ തുടർപ്രോജക്ട് ആവിഷ്കരിച്ചതുമില്ല. തൻമൂലം അടിസ്ഥാന സൗകര്യവികസനത്തിൽ പരമപ്രാധാന്യമുള്ള പാർപ്പിടനിർമാണം പൂർത്തിയാക്കാൻ പ്രസ്തുത വ്യക്തികൾക്ക് മാർഗങ്ങൾ ഇല്ലാത്ത അവസ്ഥയാണ് സംജാതമായിട്ടുള്ളത്. ഭവനനിർമാണം പാതി വഴിയിൽ മുടങ്ങിപ്പോയവർക്ക് അത് പൂർത്തിയാക്കാൻ അവസരം നൽകുന്നതിനുവേണ്ടി സർക്കാർ തദ്ദേശസ്വയംഭരണവകുപ്പിന്റെ 17.2.2011-ലെ ജി.ഒ.(ആർടി)നം.497/2011, 10.12.2013-ലെ ജി.ഒ.(ആർടി)നം3033/2013 എന്നീ ഉത്തരവുകൾപ്രകാരം മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിച്ച് പുതിയ പ്രോജക്ടുകൾ രൂപീകരിച്ച് താമസംവിനാ പ്രസ്തുത പ്രോജക്ടിലെ ഗുണഭോക്താക്കളുടെ ഗൃഹനിർമാണം പൂർത്തിയാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-8 ജവഹർ ഭവന പദ്ധതി

ഇടുക്കി ജില്ലാ സഹകരണ ബാങ്ക് മുഖേന വായ്പ്പാധിഷ്ഠിത രീതിയിൽ, പൊതു വിഭാഗം ഗുണഭോക്താക്കൾക്കുവേണ്ടി , ജവഹർ ഭവന പദ്ധതി ഏറ്റെടുത്തു നടത്തുവാൻ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 27.5.2015-ലെ ജി.ഒ(ആർടി) 1577/2015 നമ്പർ ഉത്തരവു പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് സർക്കാർ അനുമതി നൽകിയിരുന്നു. പത്തു വർഷ കാലാവധിയിൽ 11% പലിശയ്ക്കു സ്വീകരിക്കുന്ന വായ്പയുടെ മുതൽ തിരിച്ചടവ് പൂർണമായും ഗ്രാമപഞ്ചായത്തു വഹിക്കേണ്ടതാണ്. പലിശയുടെ 5% ഗ്രാമപഞ്ചായത്തും ഒരു ശതമാനം ബ്ലോക്ക് പഞ്ചായത്തും 5% ജില്ലാപഞ്ചായത്തും ചേർന്ന് ഒടുക്കുന്നതിനും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥയുണ്ട്. തദനുസരണം ഭരണസമിതി 21.8.2015-ൽ ഇത്തരമൊരു പദ്ധതി ആവിഷ്കരിക്കുന്നതിന്

തീരുമാനമെടുക്കുകയും (നം 3) പലിശബാധ്യത പങ്കിടുന്നതിന് മുകൾതട്ടിലെ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ അനുമതി നേടുകയും ചെയ്തു. 90ഗുണഭോക്താക്കൾക്ക് 2ലക്ഷം രൂപ വീതം സബ്സിഡി അനുവദിക്കുന്നതിന് ആകെ ₹1,80,00,000/- ഇടുക്കി ജില്ലാ സഹകരണ ബാങ്കിന്റെ കുട്ടിക്കാനം ശാഖയിൽനിന്ന് സ്വീകരിക്കാൻ സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 29.9.2015-ലെ 296625/DB1/LSGD നമ്പർ കത്ത്). ഗുണഭോക്തൃപട്ടികയിൽ ആകെയുള്ള 90 വ്യക്തികളിൽ 75 പേർ പഞ്ചായത്തുമായി കരാർ ചമച്ച് ഗൃഹനിർമാണം ആരംഭിക്കുകയും അവരിൽ 41 പേർ ഇതിനോടകം പൂർത്തീകരിക്കുകയും ചെയ്തു. പദ്ധതിക്കുവേണ്ടി നാളിതുവരെ 1,20,80,000/-രൂപ ലോൺ അക്കൗണ്ടിൽനിന്ന് (നം120376026720013) പിൻവലിച്ച് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും വി.ഇ.ഒ.യുടെയും പേരിലുള്ള സംയുക്ത അക്കൗണ്ടിലൂടെ (നം120371201220002) വിനിയോഗിച്ചിട്ടുണ്ട്. ഒരു വർഷത്തിനകം ഭവനനിർമാണം പൂർത്തീകരിച്ച് വായ്പ പൂർണമായും പിൻവലിച്ചിരിക്കണമെന്ന ബാങ്കിന്റെ കരാർവ്യവസ്ഥ പാലിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. അവശേഷിക്കുന്ന 34 പേരുടെ ഗൃഹനിർമാണജോലികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനും മുൻപ് സമ്മതം അറിയിച്ചിരുന്നതുപ്രകാരം ഇതര പഞ്ചായത്തുകളുടെ വിഹിതങ്ങൾ യഥാസമയം ലഭ്യമാക്കി മുതൽ-പലിശ തിരിച്ചടവുകൾ കൃത്യമായി നടത്താനും ശ്രദ്ധിക്കേണ്ടതാണ്.

## 3-9 പ്രത്യേകലക്ഷ്യം മുൻനിർത്തി അനുവദിച്ച തുകകൾ വർഷങ്ങളായി വിനിയോഗിക്കാതെ നിലനിർത്തിയിരിക്കുന്നു

വിവിധ പദ്ധതികളുടെ നിർവഹണത്തിനായി സർക്കാരും ഇതര തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും അനുവദിച്ച തുകകൾ പൂർണമായി വിനിയോഗിക്കാതെ തനതുഫണ്ടിന്റെ ഭാഗമാക്കി ഗ്രാമപഞ്ചായത്ത് നിലനിർത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)നിർമ്മൽ പുരസ്കാരം

കേന്ദ്രഗവൺമെന്റിന്റെ 2010-11-ലെ നിർമ്മൽ പുരസ്കാരം ലഭിച്ചതനുസരിച്ച് സമ്മാനത്തുകയുടെ ആദ്യ ഗഡുവായി 2,50,000/- രൂപ ഡിഡി നം.514660/28.10.2011പ്രകാരം സമ്പൂർണശുചിത്വ മിഷൻ എക്സി.ഡയറക്ടർ മുഖേന ലഭിച്ചിരുന്നു. 2011-12-ൽ ഇതുപയോഗിച്ച് പരുന്തുംപാറയിൽ ശുചിത്വ സമുച്ചയം നിർമിക്കുന്നതിന് 2 തവണകളായി 200000/-രൂപ കേരള സംസ്ഥാന നിർമിതി കേന്ദ്രത്തിന് കൈമാറിയെങ്കിലും വിനിയോഗിക്കാതെ 2015-16-ൽ ഏജൻസി തിരികെ സമർപ്പിക്കുകയാണുണ്ടായത്. ഒന്നാം ഗഡുവിന്റെ വിനിയോഗസാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് അവസാനഗഡു അനുവദിക്കപ്പെടുന്നത്. എന്നാൽ തുക ലഭിച്ച് 5 സാമ്പത്തികവർഷങ്ങൾ കഴിഞ്ഞിട്ടും നാളിതുവരെ ഗ്രാമപഞ്ചായത്ത് വിനിയോഗിച്ചിട്ടില്ല. തുക സമയബന്ധിതമായി വിനിയോഗിക്കാതിരുന്നതു മൂലം അവസാനഗഡു നഷ്ടപ്പെട്ടിരിക്കാനുള്ള സാധ്യതയും നിലനിൽക്കുന്നു.

2015-16വാർഷിക ധനകാര്യപത്രികയിൽ ഈയിനത്തിലെ നീക്കിബാക്കിയായി സൂചിപ്പിച്ചിരിക്കുന്നത് 200000/-രൂപ മാത്രമാണ്. വ്യത്യാസം വിശദീകരിക്കേണ്ടതും മാർഗരേഖയിൽ പരാമർശിക്കുന്ന ആവശ്യങ്ങൾക്ക് പ്രസ്തുത തുക വകയിരുത്തി വിനിയോഗിക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഭരണസമിതി , വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ സജീവശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

2)പശ്ചിമഘട്ട വികസനപദ്ധതി

പ്രസ്തുത പ്രോജക്ടിനുവേണ്ടി ഇടുക്കി ജില്ലാ കളക്ടർ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | അനുവദിച്ച തുക | ഡിഡി നം.തീ. | തുക കൃഷി ഓഫീസർക്ക് കൈമാറിയ വിശദാംശങ്ങൾ | നാളിതുവരെ ചെലവഴിച്ച തുക | വിനിയോഗിക്കാൻശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 1 | 1561600 | 356778<br>30.3.2011 | ചെക്ക് നം.41199<br>10.11.2011 | - | 15,61,600 |
| 2 | 1757400 | 894817<br>31.3.2012 | ചെക്ക് നം 516484<br>24.4.2012 | - | 17,57,400 |

ആകെ ലഭിച്ച 33,19,000/-രൂപ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ,കൃഷി ഓഫീസർ എന്നിവരുടെ സംയുക്ത അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. മൂന്നു വർഷമായി ഇതിൽനിന്ന് യാതൊരു ചെലവും നടന്നിട്ടില്ല. കാർഷിക മേഖലാ വികസനത്തിന് സർക്കാരിൽനിന്ന് ലഭിച്ച ഫണ്ട് യഥാവിധി ചെലവഴിക്കാതെ സ്വകാര്യ അക്കൗണ്ടിൽ സൂക്ഷിക്കുന്ന നടപടി ക്രമപ്രകാരമുള്ളതല്ല. വിനിയോഗ സാധ്യതയില്ലാത്തപക്ഷം പ്രസ്തുത തുക അടിയന്തിരമായി സർക്കാരിലേക്ക് തിരികെ നൽകേണ്ടതാണ്.

<u>3) ജില്ലാപഞ്ചായത്ത് വിഹിതം</u>

ഇടുക്കി ജില്ലാപഞ്ചായത്തിൽനിന്നും സംയോജിത പദ്ധതികൾക്കായി ലഭിച്ച തുകകളിൽ 2,06,110/-രൂപ വിനിയോഗിക്കാൻ ശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | ലഭിച്ച തുക | ഡിഡിനം/തീയതി | വിനിയോഗിക്കാൻ ശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | പള്ളിക്കുന്ന് കുടിവെള്ള പദ്ധതി | 100000 | 999618<br>29.7.2010 | 100000 |
| 2 | 55-ാം മൈൽ സെന്റ് ഫ്രാൻസിസ്കൻ എസ്റ്റേറ്റ്പടി -പള്ളിക്കുന്ന് പാറേപ്പള്ളി പുതുവൽ കുഴൽക്കിണർ നിർമാണം | 100000 | 999947<br>17.8.2010 | 100000 |
| 3 | മുറിഞ്ഞപുഴ -പീരുക്കുന്ന് റോഡ് നിർമാണം | 500000 | 893526<br>02.03.2012 | 6110 |
| | | | ആകെ | 206110 |

പ്രസ്തുത തുകകൾ ഗ്രാമപഞ്ചായത്തിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പാമ്പനാർ ശാഖയിലുള്ള പ്ലാൻ അക്കൗണ്ടിലാണ് (നം30359369227) നിക്ഷേപിച്ചിട്ടുള്ളത്. ഇതിൽ ക്രമ നമ്പർ 1 പ്രകാരമുള്ള പ്രോജക്ടിനുവേണ്ടി 75000/-രൂപ ഓരോ വർഷവും വകയിരുത്തിയിരുന്നെങ്കിലും ചെലവഴിച്ചില്ല.

ക്രമ നം 3 പ്രോജക്ട് 22.3.2012-ൽ പൂർത്തീകരിച്ചതിനാൽ വിനിയോഗശിഷ്ടം (6110/-രൂപ) സർക്കാരിലേക്ക് നിശ്ചിത ശീർഷകത്തിൽ തിരികെയടയ്ക്കേണ്ടതാണ്. അവശേഷിക്കുന്ന 2 ലക്ഷം രൂപ 2016-17 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി വിനിയോഗിക്കേണ്ടതും അത് സാധിക്കാത്തപക്ഷം സർക്കാരിലേക്ക് തിരികെയടയ്ക്കേണ്ടതുമാണ്.

4)ശബരിമല സ്പെഷ്യൽ ഫണ്ട്

മണ്ഡല-മകരവിളക്കുകാലത്ത് ശബരിമല തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് 2014-15, 2015-16 സാമ്പത്തികവർഷങ്ങളിൽ സർക്കാരിൽനിന്ന് ലഭിച്ച തുകകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ലഭിച്ച തുക | ചെക്ക്/ഡിഡി. നം/തീ. | ചെലവഴിച്ച തുക | ഓരോ വർഷത്തെയും നീക്കി ബാക്കി |
|---|---|---|---|---|
| 2014-15 | 380000 | 818921<br>22.12.14 | 80506 | 424494 |
| 2014-15 | 125000 | ചെക്ക്നം 3661409<br>22.12.14 | | |
| 2015-16 | 500000 | ഡിഡി. നം<br>941339<br>31.12.15 | 371225 | 553269 (ആകെ ലഭിച്ചതിൽ 31.03.16-ൽ ചെലവഴിക്കാൻ ശേഷിക്കുന്ന തുക- മുൻബാക്കി ഉൾപ്പെടെ) |

ശുചീകരണം, കുടിവെള്ളവിതരണം, വാഹന വാടക, താത്ക്കാലിക ഷെഡ് നിർമാണം, ഭക്ഷണം തുടങ്ങിയവയ്ക്കാണ് തുകകൾ ചെലവഴിച്ചത്. യഥാസമയം തുക സർക്കാർ അനുവദിക്കാതിരുന്നതിനാലാണ് തുക പൂർണമായി ചെലവഴിക്കാൻ കഴിയാതിരുന്നതെന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്. മുന്നൊരുക്കപ്രവർത്തനങ്ങൾക്ക് വേണ്ടത്ര തുക മുൻവർഷത്തെ നീക്കിബാക്കിയിൽ ഉണ്ടായിരിക്കുകയും പ്രോജക്ടുകൾ രൂപീകരിക്കാൻ ആവശ്യമായ സമയം ലഭ്യമാകുകയും ചെയ്തിട്ടും അനുവദിക്കപ്പെട്ട തുക 2015-16-ൽ ഫലപ്രദമായി വിനിയോഗിക്കാതിരുന്ന നടപടി അംഗീകരിക്കാവുന്ന വസ്തുതയല്ല. 2016-17 പദ്ധതിയിലും പ്രസ്തുത തുകയുടെ കാര്യക്ഷമമായ വിനിയോഗം ഉറപ്പു വരുത്താൻ പര്യാപ്തമായ പ്രോജക്ടുകളൊന്നും ആവിഷ്കരിച്ചിട്ടില്ല.

സമയബന്ധിതമായി സേവനം ലഭ്യമാക്കുവാൻ അനുവദിക്കപ്പെട്ട തുകകൾ പഞ്ചായത്ത് ഫണ്ടിലും ഇതര അക്കൗണ്ടുകളിലും നിക്ഷേപിച്ച് യഥേഷ്ടം വകമാറ്റി ചെലവഴിക്കുകയും, മൂതനിക്ഷേപമായി സൂക്ഷിക്കുകയും(WGDP FUND) ചെയ്യുന്ന നടപടി ക്രമപ്രകാരമുള്ളതല്ല. വ്യവസ്ഥാപിതമായ രീതിയിൽ അവ വിനിയോഗിക്കുകയോ അല്ലാത്തപക്ഷം തിരികെ അടയ്ക്കുകയോ ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം.

ഇല്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

## 4-4 വായ്പ / വായ്പാ തിരിച്ചടവ്.

| വായ്പയുടെ പേര് | ഉത്തരവ് നം/തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ജവഹർ ഭവന പദ്ധതി | ജി.ഒ(ആർ.ടി) നം.1577/2015/ ത.സ്വ.ഭ.വ.തി.27.5.15 | 1,00,80,000 | 0 | 0 | 1,00,80,000 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി.

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്-23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-11 | 3-2 | 2013-14 | 4-7 | പണിപൂർത്തിയാക്കാതെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ₹50,64,425/- പാഴ്ച്ചെലവ് | പ്രോജക്ടിൽ തുക വകയിരുത്തി പണി പൂർത്തികരിച്ചു വരുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം.

(എ) .സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ അകെ വരവ് | 74535933 |
| ഓഡിറ്റ് വർഷത്തെ അകെ ചെലവ് | 98958028 |
| വരവിനങ്ങളിലെ നഷ്ടം | 62950 |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റി ൽ അംഗീകരിക്കാത്ത ചെലവ് | 10055 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5455452 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ,ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർച്ചാർജ് ചെയ്യവുന്നവ | |
| 2-1 | 62950 | - | 10400/-ജോജോസ് ബൈജു,സെക്രട്ടറി<br>21075/-ടിജി തോമസ്, സെക്രട്ടറി<br>10400/-പ്രമീള സ്റ്റാൻലി, സീനിയർ ക്ലർക്ക്<br>5200/-ലേഖ ബി.കുറുപ്പ് ,സീനിയർ ക്ലർക്ക്<br>15875/-അനിത മോഹൻ, സീനിയർ ക്ലർക്ക് |
| 3-1 | | 10055 | ₹.7372.5.കെ.എം.ഉഷാനന്ദൻ,അസി.എക്സി.എഞ്ചിനിയർ<br>₹.7372.5.കെ.കെ.കെ.അയ്യപ്പൻ,അസി.എഞ്ചിനിയർ. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരു ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 377175 | ജോജോസ് ബൈജു,സെക്രട്ടറി-1,17,628/- |
| | | ടിജി തോമസ്, സെക്രട്ടറി.-2,59,547/- |
| 3-3 | 236000 | ടിജി തോമസ്, സെക്രട്ടറി. |
| 3-4 | 4720000 | 31,20,000/-ടിജി തോമസ്, സെക്രട്ടറി |
| | | 10,60,000/-കെ.പി.അജു, സെക്രട്ടറി. |
| | | 5,40,000/- എം.ജയസൂര്യൻ, വി.ഇ.ഒ. |
| 3-6 | 122277 | 22,277/- ഡോ.കെ.ഇ. സെബാസ്റ്റ്യൻ |
| | | 1,00,000/-ഡോ.ഉമാനാഥ് പൈ. |
| ആകെ | 5455452 | |

(സി). കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടയ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി). നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

3-3

(ഇ). ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യഗിക മേൽവിലാസം. | സ്ഥിരം മേൽവിലാസം |
|---|---|---|
| ജോജോസ് ബൈജു | സെക്രട്ടറി ,<br>അരൂർ ഗ്രാമ പഞ്ചായത്ത് | അപ്പത്തറ വീട്,<br>പാതിരപ്പള്ളി .പി.ഒ<br>ആലപ്പുഴ -688521 |
| ടിജി തോമസ് | സെക്രട്ടറി,<br>നാറാണമൂഴി ഗ്രാമ പഞ്ചായത്ത്,<br>പത്തനംതിട്ട | വടക്കേയിൽ വീട്,<br>ആർ.പി.സി. –പി.ഒ,<br>മുണ്ടക്കയം.പിൻ-686513 |
| പ്രമീള സ്റ്റാൻലി | സീനിയർ ക്ലർക്ക്,<br>പേരയം ഗ്രാമ പഞ്ചായത്ത്,<br>മുളവന ,പി.ഒ, കുണ്ടറ. | റോസ് കോട്ടേജ് ,<br>മുളവന ,പി.ഒ, കുണ്ടറ. |
| ലേഖ ബി.കുറുപ്പ് | സീനിയർ ക്ലർക്ക്,<br>പന്തളം ഗ്രാമ പഞ്ചായത്ത്. | |
| അനിത മോഹൻ | സീനിയർ ക്ലർക്ക്,<br>വെള്ളാവൂർ ഗ്രാമ പഞ്ചായത്ത്<br>കോട്ടയം | കതകപ്പള്ളള്ളിൽ വീട്,<br>ചെറുവള്ളി പി.ഒ, മണിമല. |
| കെ.കെ.അയ്യപ്പൻ | അസി.എഞ്ചിനിയർ | പി.ഡബ്ല്യു.ഡി ക്വാർട്ടേഴ്സ്<br>നം.39<br>പൈനാവ്, ഇടുക്കി |
| കെ.എം.ഉഷാനന്ദൻ | അസി.എക്സി.എഞ്ചിനിയർ | കിഴക്കേൽ,<br>കെ.എസ്.ഇ.ബി.<br>സബ്സ്റ്റേഷന് സമീപം<br>കട്ടപ്പന |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാകാതെ അവശേഷിക്കുന്നു. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1974-1975 | എൽ.എഫ്.ഐ.6-526/98/19.12.1998 | |

| | | |
|---|---|---|
| 1975-1976 | എൽ.എഫ്.ഐ.6-526/98/19.12.1998 | |
| 1976-1977 | എൽ.എഫ്.ഐ.6-526/98/19.12.1998 | |
| 1977-1978 | എൽ.എഫ്.ഐ.6-526/98/19.12.1998 | |
| 1978-1979 | എൽ.എഫ്.ഐ.7-87/26.07.1980 | |
| 1979-1980 | എൽ.എഫ്.ഐ.7-87/26.07.1980 | |
| 1980-1981 | എൽ.എഫ്.ഐ.4-794/84/10.07.1985 | |
| 1981-1982 | എൽ.എഫ്.ഐ.4-794/84/10.07.1985 | |
| 1982-1983 | എൽ.എഫ്.ഐ.4-794/84/10.07.1985 | |
| 1983-1984 | എൽ.എഫ്.ഐ.4-794/84/10.07.1985 | |
| 1984-1985 | എൽ.എഫ്.ഐ.6-191/86/19.02.1987 | |
| 1985-1986 | എൽ.എഫ്.ഐ.6-860/87/19.03.1988 | |
| 1986-1987 | എൽ.എഫ്.ഐ.6-874/90/16.05.1990 | |
| 1987-1988 | എൽ.എഫ്.ഐ.6-863/91/08.08.1993 | |
| 1988-1989<br>1989-1990 | എൽ.എഫ്.ഐ.6-863/91/08.08.1993 | |
| 1990-1991<br>1991-1992 | എൽ.എഫ്.ഐ.6-655/92/11.12.1992 | |
| 1992-1993 | എൽ.എഫ്.ഐ.6-244/94/17.07.1994 | |
| 1993-1994 | എൽ.എഫ്.ഐ.7-235/95/20.06.1995 | |
| 1994-1995 | എൽ.എഫ്.ഐ.6-361/96/12.02.1996 | |
| 1995-1996 | എൽ.എഫ്.ഐ.6-55/99/15.01.2000 | |
| 1996-1997 | എൽ.എഫ്.ഐ.6-147/98/20.11.1998 | |
| 1997-1998 | എൽ.എഫ്.ഐ.6-213/2000/09.06.2000 | |
| 1998-1999 | എൽ.എഫ്.ഐ.6-495/2000/29.08.2000 | |
| 1999-2000 | എൽ.എഫ്.ഐ.6-6661/05.10.2001/05.04.2002 | |
| 2000-2001 | എൽ.എഫ്.ഐ.6-121/02/20.07.02/11.12.02 | |
| 2001-2002 | എൽ.എഫ്.ഐ.6-696/03/25.02.04/10.06.04 | |
| 2002-2003 | എൽ.എഫ്.ഐ.6-12/05/10.07.05/05.11.05 | |
| 2003-2004 | എൽ.എഫ്.ഐ.6-175/07/15.02.07/31.07.07 | |

| | | |
|---|---|---|
| 2004-2005 | എൽ.എഫ്.ഐ.6-949/07/12.03.08/05.04.08 | |
| 2005-2006 | എൽ.എഫ്.ഐ.8-1019/08/04.08.09/08.02.10 | |
| 2006-2007 | എൽ.എഫ്.ഐ.8-19/10/14.09.10/29.10.10 | |
| 2007-2008 | എൽ.എഫ്.ഐ.8-1264/10/13.10.11/14.11.11 | |
| 2008-2009 | എൽ.എഫ്.ഐ.8-1231/11/10.02.12/10.05.12 | |
| 2009-2010 | എൽ.എഫ്.ഐ.8-563/12/13.07.12/07.12.12 | |
| 2010-2011 | എൽ.എഫ്.ഐ.8-328/13/03.05.13/09.07.13 | |
| 2011-2012 | എൽ.എഫ്.ഐ.8-1272/13/06.11.13/19.04.13 | |
| 2012-2013 | എൽ.എഫ്.ഐ.8-536/14/30.06.14/04.10.14 | |
| 2013-2014 | എൽ.എഫ്.ഐ.8-794/13/06.08.2015 | |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ. 8/646/2016 തി.2.6.2016 | |

റിപ്പോർട്ടുകളിൽ അവശേഷിക്കുന്ന തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്.

നം.കെ.എസ്.എ.ഐ.ഡി.കെ.8/1550/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം,ഇടുക്കി
തൊടുപുഴ,തീയതി: 08.10.2016
Ph:04862227332
e-mail:doidk.ksad@kerala.gov.in

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, ഇടുക്കി ജില്ലയിലെ പീരുമേട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പീരുമേട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-IDK-8/1550/2016

Kerala State Audit Department
District Audit Office,Idukki
Thodupuzha, Dated:08.10.2016
Ph:04862227332
e-mail:doidk.ksad@kerala.gov.in

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Peermade Gramapanchayat in Idukki district for the year ended on 31.3.2016 in accordance with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayat Raj Act 1994 , the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts Panchayat Raj Instituitions.

In my opinion, the Financial Statements of Peermade Gamapanchayath for the 2015-16 except the observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR
IDUKKI